# Anjo Cherriakkara CMI, Santhome Home, Chennai

## ദൈവഹിത സാധകൻ



“നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ, ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്” (റോമാ 14:8).

വി. പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾക്ക് മാംസവും ജീവനുമേകിയ ഒരു ജീവിതമായിരുന്നു വിനീതച്ചന്റേത് എന്ന് പറയുന്നതിൽ അതിശയോക്തിക്ക് തരമില്ല. നിത്യജീവിതത്തിലെ നിസ്സാരങ്ങളായ ജോലികൾ പോലും, ശ്രദ്ധയോടും, സാമർഥ്യത്തോടും കൂടി, ചെയ്തു തീർക്കുന്ന അച്ചന്റെ ജീവിതം എന്നും എനിക്ക് ഒരു വിസ്മയമായിരുന്നു.

2015–2017 കാലയളവിലെ എന്റെ നൊവിഷ്യേറ്റ് അയനത്തിൽ ഞാൻ കണ്ടു മുട്ടിയ ഒരു പുണ്യ ജീവിതത്തിനുടമയായിരുന്നു വിനീതച്ചൻ. സഭയിൽ വന്നനാൾ മുതൽ കേട്ടറിഞ്ഞ നലം തികഞ്ഞ സന്യാസിയെ അദ്ദേഹത്തിന്റെ വിശ്രമ ജീവിത വേളയിൽ ശുശ്രൂഷിക്കുവാനുള്ള ഒരവസരം എനിക്ക് ലഭിച്ചതൊരു ദൈവാനുഗ്രഹമായി ഞാൻ കാണുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം അച്ചന്റെ ജീവിതത്തെ കൂടുതൽ അടുത്തറിയുവാനും അതിലുപരി അടുത്തനുകരിക്കുവാനും ആഗ്രഹം തോന്നിയ നാളുകളായിരുന്നു. ഭാരതീയ തത്വശാസ്ത്രങ്ങളിൽ മനുഷ്യരെ മൂന്നായി തിരിച്ചിരിക്കുന്നത് കാണാം. താമസ, രാജസ, സാത്വീകർ എന്നിങ്ങനെ. താമസർ അലസരാണെന്നും, രാജസ സ്വഭാവമുള്ളവർ പ്രവർത്തനനിരതരാണെങ്കിലും നിയന്ത്രണമില്ലെങ്കിൽ തിന്മ കൊയ്യുന്നവരുമാണ്. എന്നാൽ സാത്വീകരാണ് മഹനീയർ, പ്രാർത്ഥനയും, പ്രവർത്തനവും ജീവിതചര്യയാക്കിയവർ. വിനീതച്ചനെ ഞാൻ കാണുന്നത് ഒരു സാത്വീകനായിട്ടാണ്. കാരണം സംസാരത്തിൽ പോലും നന്മയും, സാരോപദേശങ്ങളും മാത്രം ഉരുവിടുന്ന ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു വിനീതച്ചൻ. ആശ്ചര്യപ്പെടുത്തുന്ന ജ്ഞാനവും, പ്രചോദനവും ഏവർക്കും സമ്മാനിക്കുന്ന വാക്കുകളായിരുന്നു വിനീതച്ചന്റേത്. അച്ചന്റെ ഓരോ ക്ലാസ്സുകളും ഞങ്ങൾക്ക് നൽകിയ ഉൾക്കാഴ്ചകൾ നിരവധിയാണ്. എന്നും എപ്പോഴും താനൊരു സന്യാസിയാണെന്നും, ദൈവഹിത സാധകനാണെന്നും ഏവരെയും ഓർമ്മപ്പെടുത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

മുഖപ്രസന്നത അച്ചന്റെ ഒരു സന്തതസഹചാരിയായിരുന്നു. ആരോടും പരാതിയും, പരിഭവവും ഇല്ലാതെ സന്യാസത്തെ സ്നേഹിക്കുവാനും, മറ്റുള്ളവരെ സേവിക്കുവാനും, അനേകർക്ക്



മാതൃകയും ഉൾപ്രേരണയുമായി തീരുവാൻ അച്ചനെ പ്രാപ്തനാക്കിയ ഒരു ഘടകം അച്ചന്റെ മുഖത്തുണ്ടായിരുന്ന നിറഞ്ഞ പുഞ്ചിരി തന്നെയായിരുന്നു. ധ്യാനിക്കേണ്ടതെങ്ങനെയെന്നും, എന്താണ് ഈ ധ്യാനമെന്നും ജീവിത സാക്ഷ്യത്തിലൂടെ അച്ചൻ ഞങ്ങൾക്ക് കാണിച്ചു തന്നു. ദീർഘനേരം ദേവാലയത്തിൽ ആയിരുന്നുകൊണ്ട് ധ്യാനലീനനായിരിക്കുവാനും ദൈവവുമായി സല്ലപിക്കുവാനും വിനീതച്ചനെന്നും സമയം കണ്ടെത്തിയിരുന്നു. മർത്തായെപോലെ വ്യഗ്രതയിലാഴുന്ന ഓരോരുത്തർക്കും അച്ചന്റെ ജീവിതം ഒരു വെല്ലുവിളി തന്നെയാണ്.

ആഴമായ ബോധ്യങ്ങളും, അഗാധമായ ജ്ഞാനവും കൈമുതലായിരുന്ന അച്ചന്റെ നിഘണ്ടുവിൽ അഹന്ത എന്ന വാക്ക് ഉണ്ടായിരുന്നില്ല. ആർക്കും എപ്പോഴും സമീപസ്ഥനാകുവാനും, തനിക്കറിയാവുന്ന കാര്യങ്ങൾ ഹൃദ്യമായി മറ്റുള്ളവരോട് പങ്കുവയ്ക്കാനുമുള്ള ഒരു വിശാല മനസ്സ് എന്നും അച്ചൻ കാത്തുസൂക്ഷിച്ചിരുന്നു.

വായനയെ സ്നേഹിക്കാൻ എന്നെ പഠിപ്പിച്ചത് അച്ചനായിരുന്നു. അച്ചൻ എഴുതിയ ഓരോ രചനകളെക്കുറിച്ചും, അതിന്റെ അർത്ഥതലങ്ങളെകുറിച്ചും വാതോരാതെ പങ്കുവച്ച അച്ചന്റെ മുഖം ഇന്നും എന്റെ ഉള്ളിൽ മായാതെ കിടക്കുന്നുണ്ട്. അച്ചനോടൊപ്പമായിരുന്ന ആ ചുരുങ്ങിയ കാലം എനിക്ക് സമ്മാനിച്ച ദൈവത്തിനു ഞാൻ നന്ദി പറഞ്ഞു കൊള്ളട്ടെ.

പേര് പോലെ തന്നെ വിനീത ഹൃദയനും,
വിസ്മയിപ്പിക്കുന്ന ജ്ഞാനവും,
ആശ്ചര്യപ്പെടുത്തുന്ന ആത്മീയതയും,
ഞങ്ങൾക്ക് സമ്മാനിച്ച പ്രിയ വിനീതച്ചാ,
ഓർമ്മകളിൽ പോലും ഞങ്ങൾക്കായി
ഓർമ്മപ്പെടുത്തലുകൾ ഒളിപ്പിച്ചു വച്ച
സന്യാസ വര്യാ,
അങ്ങയുടെ പാവനസ്മരണക്കു മുൻപിൽ
ഒരായിരം കൂപ്പുകൈ!